എമ്മാവൂസ്
വചനദൂത്
Vol. IX Issue :7



# വി. ജോൺ മരിയ വിയാന്നി

റവ. ഫാ. സിറിയക് മുപ്പാത്തിയിൽ

ഇടവക വൈദീകരുടെ മദ്ധ്യസ്ഥൻ വി. ജോൺ വിയാന്നിയുടെ തിരുനാൾ വിശ്വാസ സമൂഹത്തിന് ഒരു പുണ്യദിവസമാണ്. ഏതാണ്ട് 200 കൊല്ലം മുമ്പ് ഫ്രാൻസിൽ ജീവിച്ച അദ്ദേഹം യാതൊരുവിധ മഹത്വവും അവകാശപ്പെട്ടില്ല. ഒരു സാധാരണ കർഷക കുടുംബത്തിലാണ് ജീൻ എന്നു പേരുള്ള അദ്ദേഹം പിറന്നത്. ഫ്രഞ്ച് വിപ്ലവത്തിന്റെ ദൂഷ്യഫലങ്ങൾ ക്രിസ്തീയ ജീവിതത്തിന് ഏറെ തടസ്സങ്ങളുണ്ടാക്കി. അക്കാലത്ത് പരസ്യമായി സെമിനാരിയിൽ ചേർന്ന് വൈദികനാകാൻ പഠിക്കുക എളുപ്പമായിരുന്നില്ല. പോരാത്തതിന്, പഠിക്കുവാൻ തീർത്തും പിന്നോക്കമായിരുന്ന ജോണിന് നിശ്ചിത യോഗ്യത നേടുക ഏറെ ക്ലേശകരമായിരുന്നു. പരി. കന്യകമറിയത്തെ സ്വന്തം അമ്മയെപ്പോലെയാണ് ജോൺ സ്നേഹിച്ചിരുന്നത്. ആ അമ്മയുടെ സഹായത്താലാണ് താൻ വൈദികനാകുന്നതെന്നും അദ്ദേഹം ഓർത്തിരുന്നു. പരിശുദ്ധാത്മാവാണ് വിജ്ഞാനദാതാവ്. അജ്ഞരെ വിജ്ഞാനികളാക്കുന്ന പരിശുദ്ധാത്മാവാണ് തന്റെ ദൈവശാസ്ത്ര അദ്ധ്യാപകൻ എന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്.

അവസാനം പൗരോഹിത്യം സ്വീകരിച്ച ജോണിനെ മെത്രാൻ ആർസിലെ വികാരിയായി നിയമിച്ചു. ആർസ് ഫ്രാൻസിലെ ഏറ്റവും അവഗണിക്കപ്പെട്ട ഒരിടവകയായിരുന്നു. സമർത്ഥരായ ആരും തന്നെ അവിടം തെരഞ്ഞെടുക്കുമായിരുന്നില്ല. ഉത്സാഹ

പൂർവ്വം ജോൺ ആ ഇടവകയുടെ വികാരിസ്ഥാനം ഏറ്റെടുത്ത് പ്രവത്തനമാരംഭിച്ചു. ദിവസവും നിരവധി മണിക്കൂർ അദ്ദേഹം ദിവ്യകാരുണ്യ ആരാധന നടത്തി. സക്രാരിയായിരുന്നു അദ്ദേഹത്തിന്റെ ആത്മീയ ശക്തിയുടെ ഉറവിടം. തന്നെ ഭരമേല്പ്പിച്ചിരിക്കുന്ന ജനങ്ങൾക്കുവേണ്ടി അദ്ദേഹം നിരന്തരം പ്രാത്ഥിച്ചു. ഒരിക്കൽ ഒരു കർഷൻ ജോലിക്ക് പോകും മുൻപ് എല്ലാ ദിവസവും സക്രാരിയുടെ മുൻപിൽ ഏറെ സമയവും നിശബ്ദനായിരിക്കുന്നതുകണ്ട് ജോൺ ചോദിച്ചു. എന്താണ് ചെയ്യുന്നതെന്നതെന്ന്, ആ കർഷകൻ പറഞ്ഞത് ഇങ്ങനെയാണ്, ഞാൻ ഒന്നും പറയില്ല, സക്രാരിയിലെ ഈശോ എന്നെ നോക്കുന്നു. ഞാനും ഈശോയെ നോക്കുന്നു അതു മാത്രമായിരുന്നു ആ കർഷകന്റെ പ്രാർത്ഥന.

കുർബ്ബാനയ്ക്ക് ഇടയ്ക്ക് അദ്ദേഹം ദീർഘനേരം വേദപാഠം പഠിപ്പിച്ചിരുന്നു. ദൈവത്തെപ്പറ്റി ഒന്നും അറിവില്ലാതിരുന്ന ആർസിലെ ആളുകൾക്ക് അതൊരു പുതുമയായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ തികച്ചും ലളിതവും ഹൃദയത്തിൽ തുളച്ചുകയറുന്നതുമായിരുന്നു. ഒരിക്കൽ അദ്ദേഹം പ്രാർത്ഥനയെപ്പറ്റി പഠിപ്പിച്ചത് ഇങ്ങനെയായിരുന്നു. "ശ്രദ്ധിക്കുക എന്റെ പ്രിയമക്കളെ, നിങ്ങളുടെ നിക്ഷേപം ഈ ലോകത്തിലല്ല, അത് സ്വർഗ്ഗത്തിലാണ്. മനുഷ്യരുടെ സന്തോഷം പ്രാർത്ഥിക്കുന്നതിലും സ്നേഹിക്കുന്നതിലുമായിരിക്കണം. നിങ്ങൾ പ്രാർത്ഥിക്കുകയും സ്നേഹിക്കുകയും ചെയ്താൽ, നിങ്ങൾക്ക് സന്തോഷമായി ജീവിക്കാം. പ്രാർത്ഥന വളരെ ലളിതമാണ്. ദൈവവുമായുള്ള ഐക്യമാണത്. ഒരുവന്റെ ഹൃദയം ശുദ്ധവും ദൈവസ്നേഹം കൊണ്ട് നിറഞ്ഞതുമാകുമ്പോൾ ഒരു ആന്തരിക പ്രകാശം അവനിലുണ്ടാകും. അത് ശുദ്ധമായ ആനന്ദമായിത്തീരും. ഈ ആനന്ദത്തിൽ ദൈവവും ആത്മാവും രണ്ട് മെഴുക് ഫലങ്ങൾ ചൂടുപിടിച്ചാൽ, എങ്ങനെയോ, അതുപോലെ ഉരുകി ചേർന്ന് ഒന്നായി തീരുന്നു. ആർക്കും അത് വേർപെടുത്താനാവില്ല. സർവ്വശക്തനായ ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യനോട് ഒന്നു ചേരുന്നു. ഈ ആനന്ദം മക്കളേ, വിലകൊടുത്തു വാങ്ങാനാവാത്തതാണ്. പാപം മൂലം നമ്മൾ പ്രാർത്ഥിക്കാൻ കഴിയാത്തവരായിരുന്നു. എന്നാൽ ദൈവം തന്റെ നന്മയാൽ നമ്മെ അതിന് അനുവദിച്ചു. നമ്മുടെ പ്രാർത്ഥന ദൈവത്തിനിഷ്ടമേറിയ പരിമളമാണ്. മക്കളേ, നിങ്ങളുടെ ഹൃദയം ചെറുതാണ്. എന്നാൽ ദൈവത്തെ സ്നേഹിക്കുമ്പോൾ അത് വികസിക്കുന്നു. നിങ്ങളുടെ ഹൃദയത്തെ ഒരുക്കുന്നു. സ്വർഗ്ഗീയ ജീവിതം മുൻകൂട്ടി ആസ്വദിക്കാൻ പ്രാർത്ഥന നിങ്ങളെ സഹായിക്കുന്നു. നിങ്ങളുടെ ഹൃദയത്തിൽ തേൻപോലെ മധുരമായിത്തീരുന്നു. ഇതിലും അധികമായി എന്താണ് നമുക്കാവശ്യം."

ഇങ്ങനെ തികച്ചും ലളിതമായി അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചു. പാപത്തിന്റെ ശൂന്യത അവർക്ക് ബോധ്യമാക്കിക്കൊടുത്തു. പാപമേറ്റു പറഞ്ഞു കുമ്പസാരിക്കാനായി അവർ അദ്ദേഹത്തിന്റെയടുത്തുവന്നു. അവരെ അദ്ദേഹം കുമ്പസാരിച്ചു. നീണ്ട മണിക്കൂറുകൾ, പലപ്പോഴും 18 മണിക്കൂർ വരെ അദ്ദേഹം കുമ്പസാരിപ്പിച്ചു. ദൂരെനിന്നും, മെത്രാന്മാരും, വൈദികരുമുൾപ്പെടെ അനേകം ആളുകൾ അദ്ദേഹത്തെ തേടിവന്നു. അനവധി ആളുകൾ പാപജീവിതം ഉപേക്ഷിച്ച് വിശുദ്ധിയുടെ മാർഗ്ഗത്തിലെത്തി. ഒരിക്കൽ അദ്ദേഹം പറഞ്ഞു. പ്രിയ മക്കളെ എന്റെ ആഗ്രഹം നിങ്ങളെല്ലാവരും നിങ്ങളുടെ വിയാന്നിയച്ചനോടൊത്ത് സ്വർഗ്ഗത്തിലെത്തിച്ചേരണം എന്നാണ്.

200 കൊല്ലം മുൻപ് ആർസിൽ ഒരു സാധുവൈദികൻ ആരംഭിച്ച വിപ്ലവം അനേകരെ വിശ്വാസത്തിലേക്കും വിശുദ്ധിയിലേക്കും നയിച്ചു. പാപത്തിന്റെ ബന്ധനത്തിൽനിന്ന് രക്ഷപ്പെടാൻ നമ്മെ ഏറെ സഹായിക്കുന്ന കുമ്പസാരമെന്ന കൂദാശയെ ഇന്ന് അവഹേളിക്കുന്നത് വേദനാജനകമാണ്. കുമ്പസാര രഹസ്യം വൈദികർ ചോർത്തി എന്ന് പറഞ്ഞുള്ള മാധ്യമവിചാരണകൾ പരിശുദ്ധമായ ഒരു ദൈവീക സ്ഥാപനത്തെ നശിപ്പിക്കുന്നത് വേദനാജനകമാണ്. കുമ്പസാരം ദൈവം പാപം പൊറുക്കുന്നതും അതിന്റെ ഓർമ്മപോലും മായിച്ചുകളയുന്നതുമായ ഒരു ദൈവീകാനുഭവമാണ്.

ഇന്നത്തെ സുവിശേഷത്തിൽ ഈശോ ശിഷ്യന്മാരോട് പറയുകയാണ്. വിളവ് അധികം; വേലക്കാരോ ചുരുക്കം. ഈശോയുടെ ദൃഷ്ടികൾ എല്ലായിടത്തും എത്തുന്നു. പാകമായ വയലുകൾ, ജനങ്ങളുടെ വിശപ്പും ക്ഷീണവും അവിടുന്ന് ശ്രദ്ധിക്കുന്നു. ഇടയനില്ലാത്ത ആടുകളെപ്പോലെ വലയുന്ന ജനങ്ങൾ ഈശോയ്ക്ക് അവരെ അവഗണിക്കാൻ സാധിക്കില്ല. എല്ലാ ക്രിസ്തീയ മിഷന്റെയും അടിസ്ഥാനമാണ് ഈശോയുടെ ഈ വചനം. തന്റെ കാലഘട്ടത്തിൽ വി.ജോൺ വിയാന്നി ആ വചനം സ്വന്തമാക്കി. ഈശോയുടെ കരുണാർദ്രത അദ്ദേഹത്തിനും കൈവന്നു. ഒരു പക്ഷേ സഭ ഈ വചനം ഇനിയും ഉൾക്കൊണ്ടിട്ടില്ല പൂർണ്ണമായി. നമ്മൾതന്നെയോ? നന്മചെയ്ത് പട്ടണങ്ങളിലൂടെയും ഗ്രാമങ്ങളിലൂടെയും ചുറ്റി സഞ്ചരിച്ച് ദൈവരാജ്യം പ്രഘോഷിച്ച ഈശോയെപ്പോലെ, പ്രായശ്ചിത്ത ജീവിതത്തിൽ കുമ്പസാരക്കൂട്ടിലും ദൈവകാരുണ്യത്തിന്റെ സന്ദേശം പകർന്നുതന്ന വി.ജോൺ വിയാന്നിയെപ്പോലെ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കാനും വിളവെടുപ്പ് നടത്താനും നമ്മളും ഇറങ്ങിതിരിക്കാനുള്ള കാലം അതിക്രമിച്ചിരിക്കുന്നു.